# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ- 1100

06. 06.2018-ലെ മറുപടി

## വാട്ടർ അതോറിറ്റിയിലെ പ്ലമ്പർമാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ.മാത്യൂ ടി തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര പ്ലമ്പർമാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ<br><br>(ബി)ഈ പ്ലംബർമാർ വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തവരാണോ എന്നും ഇവർക്കു വേതനം ആരാണു നൽകുന്നതെന്നും വ്യക്തമാക്കാമോ | എ-യും ബി -യും:<br>കേരള വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത ലൈസൻസ്ഡ് പ്ലംബർമാരുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ പറയുന്നു.<br>1.തിരുവനന്തപുരം - 449<br>2.കൊല്ലം - 94<br>3.പത്തനംതിട്ട - 71<br>4.കോട്ടയം - 65<br>5. ആലപ്പുഴ - 106<br>6.എറണാകുളം - 551<br>7. ഇടുക്കി - 29<br>8.തൃശ്ശൂർ - 128<br>9. പാലക്കാട് - 161<br>10. മലപ്പുറം - 79<br>11.കോഴിക്കോട് - 148<br>12. വയനാട് - 17<br>13. കണ്ണൂർ -84<br>14. കാസർഗോഡ് — 10<br>ആകെ -1992<br><br>സർവീസ് കണക്ഷനുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ഇത്തരം പ്ലംബർമാർ വഴി ചെയ്യിക്കുന്നത് . ഇതിനുള്ള വേതനം ഉപഭോക്താവാണ് നൽകുന്നത്. |
| (സി) പ്ലംബർമാരായി രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങളും ഇവർക്കു വേണ്ട യോഗ്യതകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ | (സി) പ്ലംബിങ് ലൈസൻസിനുള്ള മാനദണ്ഡങ്ങൾ കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ റഗുലേഷൻസ് 1991 അപ്പെൻഡിക്സ് (എ) പ്രകാരവും സ.ഉ .(ആർ . റ്റി ) നമ്പർ .2766 / 05 /തൊഴിൽ തീയതി 1.10.05 നമ്പരായുള്ള കേരള സർക്കാർ ഉത്തരവു പ്രകാരവും ചുവടെ ചേർക്കുന്നവയാണ്.<br>പ്ലംബിങ് ലൈസൻസിനായി അപേക്ഷിക്കുന്ന അപേക്ഷകന് -സിവിൽ |

| | | |
|---|---|---|
| | | എഞ്ചിനിയറിങ്ങിൽ -ഡിപ്ലോമയോ ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ ഇൻസ്റ്റിട്യൂട്ടിഷൻ ഓഫ് എഞ്ചിനിയേഴ് സോ, ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനോ, (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിങ്ങോ, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിങ്ങോ,) അംഗീകരിച്ച പ്ലംബിങ്ങിലോ സാനിറ്ററി എഞ്ചിനിയറിങ്ങിലോ-ഉള്ള സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം. കൂടാതെ അപേക്ഷകന് പരീക്ഷാ യോഗ്യത നേടിയതിന് ശേഷം ലൈസൻസ്ഡ് പ്ലംബറുടെ കീഴിൽ കുറഞ്ഞത് 3 -വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കുകയും വേണം . കൺട്രോളർ ഓഫ് എക് സാമിനേഷൻ പ്ലംബിങ് ലൈസൻസ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ (ജനറൽ) , കേരള വാട്ടർ അതോറിറ്റി നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് - പ്ലംബിങ് ലൈൻസ് നൽകുന്നത്. (സിവിൽ എഞ്ചിനിയറിങ്ങിൽ ബിരുദം ഉള്ളവർ ക്ക് പരീക്ഷ എഴുതേണ്ടതില്ല . |
| (ഡി) | ഒരിക്കൽ രജിസ്റ്റർ ചെയ്ത പ്ലംബർക്ക് എത്രകാലം ജോലി ചെയ്യാമെന്ന് വ്യക്തമാക്കാമോ; | (ഡി) നിലവിലെ നിയമം അനുസരിച്ച് ഒരിക്കൽ രജിസ്റ്റർ ചെയ്ത പ്ലംബർ എല്ലാ വർഷവും പ്ലംബിങ് ലൈസൻസ് പുതുക്കേണ്ടതാണ്. |
| (ഇ) | വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട അറ്റകുറ്റ പ്രവൃത്തികൾ വാട്ടർ അതോറിറ്റിയുടെ ലൈസൻസുള്ള പ്ലമ്പർമാരെകൊണ്ട് തന്നെ ചെയ്യിപ്പിക്കണമെന്ന നിയമമുണ്ടോ; വ്യക്തമാക്കാമോ; | (ഇ) നിയമമില്ല. വാട്ടർ അതോറിറ്റിയുടെ അംഗീകൃത കരാറുകാരെ കൊണ്ടാണ് പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റ പ്രവൃത്തികൾ ചെയ്യിക്കുന്നത്. |
| (എഫ്) | വാട്ടർ അതോറിറ്റിയുമായി ഒരു ബന്ധവുമില്ലാത്ത ചില പ്ലമ്പർമാർ ഇത്തരം അറ്റകുറ്റ പ്രവൃത്തികൾ പലയിടങ്ങളിലും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അനുവദനീയമാണോ; വ്യക്തമാക്കാമോ? | (എഫ്) ശ്രദ്ധയിൽപെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**